**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 447** **11-08-2021 - ൽ മറുപടിയ്ക്ക്**

**റേഷൻ കടകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. പി.പി. സുമോദ് | | **Shri G R Anil**<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ദേശീയ ഭക്ഷ്യ ഭദ്രത നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | ദേശീയ ഭക്ഷ്യഭദ്രത നിയമം, 2013 അനുശാസിക്കുന്ന എല്ലാ സംവിധാനങ്ങളും സംസ്ഥാനത്ത് ഫലപ്രദമായി നടപ്പാക്കിയിട്ടുണ്ട്. പൊതുവിതരണ ശൃംഖല ശാക്തീകരിക്കുന്നതിന് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു. 1. വാതിൽപ്പടി വിതരണം കൂടുതൽ സുതാര്യമാക്കുന്നതിന് വാതിൽപ്പടി വിതരണം നടത്തുന്ന വാഹനങ്ങളിൽ ജി.പി.എസ് ഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 2. ദേശീയ ഭക്ഷ്യഭദ്രത നിയമം, 2013 പ്രകാരമുള്ള മുൻഗണനാ ഒഴിവുകളുടെ എണ്ണം വർദ്ധിപ്പിക്കണമെന്ന ആവശ്യം വീണ്ടും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. 3. സംസ്ഥാനത്ത് മുൻഗണനാകാർഡിനുള്ള അപേക്ഷ ഉൾപ്പെടെയുള്ള എല്ലാ നടപടിക്രമങ്ങളും ഓൺലൈനാക്കുന്നത്. |
| (ബി) | ഇതിന്റെ ഭാഗമായി റേഷൻ കടകളെ വൈവിധ്യവത്കരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | റേഷൻ കട വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി പൊതു ജനങ്ങൾക്ക് ഉപകാരപ്രദവും വ്യാപാരികൾക്ക് അധിക വരുമാനവും ലഭ്യമാക്കുന്നതിന് റേഷൻ ഇതര സാധനങ്ങൾ റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന പദ്ധതിയുടെ ആദ്യ പടിയായി കുപ്പി വെള്ളം, സപ്ലൈകോ ശബരി ഉൽപ്പന്നങ്ങളായ തേയില, വെളിച്ചെണ്ണ, ഉപ്പ്, കായപ്പൊടി, കറിപൗഡർ, സോപ്പ്, അപ്പംപൊടി, എന്നിവയുടെ വിതരണവും ആരംഭിച്ചിട്ടുണ്ട്. നിലവിൽ സ്ഥല പരിമിതി മൂലം ഉത്സവകാലങ്ങളിലും സ്പെഷ്യൽ റേഷൻ നൽകുന്ന സമയങ്ങളിലും റേഷൻ സാധനങ്ങൾ സൂക്ഷിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നതിനാൽ സംസ്ഥാനത്തെ കടകളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി സർക്കാർ ഒരു പദ്ധതി |

| | | | |
|---|---|---|---|
| | | | വിഭാവനം ചെയ്യുന്നുണ്ട്. ഇതിന്റെ ആദ്യഘട്ടമായി 1000 റേഷൻ കടകൾ മാതൃകാപരമായി നിലവാരം ഉയർത്തിക്കൊണ്ട് കൂടുതൽ സൗകര്യപ്രദവും ഉപഭോക്തൃ സൗഹൃദവുമാക്കുന്നതാണ്. |
| (സി) | കൊവിഡ് രോഗ വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത രീതിയിൽ റേഷൻ കടകളുടെ പ്രവർത്തന സമയത്തിൽ വരുത്തിയിട്ടുള്ള ക്രമീകരണങ്ങൾ എപ്രകാരമാണെന്ന് വ്യക്തമാക്കാമോ? | (സി) | കോവിഡ് വ്യാപനത്തെ തുടർന്ന് റേഷൻ കടകളുടെ പ്രവർത്തന സമയം 21.05.2020 മുതൽ രാവിലെ 9.00 മുതൽ 1.00 വരെയും വൈകുന്നേരം 3.00 മുതൽ 7.00 വരെയും ക്രമീകരിച്ചിരുന്നു. എന്നാൽ ബന്ധപ്പെട്ട ജില്ലാ കലക്ടർമാർ നിലവിലെ സാഹചര്യങ്ങൾ കണക്കിലെടുത്ത് കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്ന പക്ഷം അതനുസരിച്ച് റേഷൻ കടകളുടെ പ്രവർത്തനം ക്രമീകരിക്കുന്നതിനും, കണ്ടെയിൻമെൻറ് സോണുകൾ, മൈക്രോ കണ്ടെയിൻമെൻറ് സോണുകൾ എന്നിവിടങ്ങളിൽ കോവിഡ് മാനദണ്ഡങ്ങൾക്ക് അനുസൃതമായി ജില്ലാ കലക്ടറുടെ നിർദേശമനുസരിച്ച് പ്രവർത്തിക്കാനും നിർദേശം നൽകിയിരുന്നു. കോവിഡ് രണ്ടാം ഘട്ട വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ 03.05.2021 മുതൽ റേഷൻ കടകൾ രാവിലെ 8.30 മുതൽ ഉച്ചക്ക് 2.30 വരെ തുടർച്ചയായി പ്രവർത്തിക്കുന്നതിനും ക്രമീകരണം നടത്തിയിരുന്നു. തുടർന്ന് കോവിഡ് വ്യാപനം കുറഞ്ഞ സാഹചര്യത്തിൽ 1.07.2021 മുതൽ റേഷൻ കടകളുടെ പ്രവർത്തന സമയം രാവിലെ 8.30 മുതൽ 12.30 വരെയും വൈകുന്നേരം 3.30 മുതൽ 6.30 വരെയും പുന:ക്രമീകരിച്ച് നൽകിയിരുന്നു. |

സെക്ഷൻ ഓഫീസർ